കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി7)332/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:12.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം – അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-21,1-22,1-32 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി7)332/2020 തീ.12.05.2020

**തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1-4-2018 മുതൽ 22-2-2020 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 31.3.2019 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.മേരി ഹണി ജോസഫ് |
| | | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24-2-2020 മുതൽ 3-3-2020 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ധന്യാ ദിലീപ് | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.തങ്കമ്മ വർഗീസ് | 1-4-2018മുതൽ 31-3-2019 വരെ |
| സെക്രട്ടറി | : | ശ്രീ.സീജോ കരേടൻ | 1-4-2018മുതൽ 23-6-2018വരെ |
| | | ശ്രീ.സജി.ടി.ജി. (സെക്രട്ടറി ഇൻ ചാർജ്) | 24-6-2018മുതൽ 26-6-2018 വരെ |
| | | ശ്രീ.ശ്രീകാന്ത്.പി.എസ്. | 27-6-2018മുതൽ 7- |

| | | |
|---|---|---|
| | | 7-2018വരെ |
| | ശ്രീ.സജി.ടി.ജി. (സെക്രട്ടറി ഇൻ ചാർജ്) | 8-7-2018 |
| | ശ്രീ.അബ്ദുൾ ഹക്കീം | 9-7-2018മുതൽ 6-8-2018 FN വരെ |
| | ശ്രീമതി.അന്നമ്മ സ്റ്റീഫൻ | 6-8-2018ANമുതൽ 31-3-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | | ശ്രീ.സജി.ടി.ജി | 1-4-2018 മുതൽ 10-10-2018FN വരെ |
| ” | | ശ്രീ.ഫ്രാൻസിസ്.എം.ജെ | 10-10-2018ANമുതൽ 31-3-2019വരെ |
| കൃഷി ഓഫീസർ | | ജയശ്രീ.പി.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| അസി.എഞ്ചിനീയർ | | നൈജു.ടി.വി | 1-4-2018 മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | | ഡോ.ജിൽഷോ ജോർജ് | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | | ഡോക്ടർ ഇന്ദു.ബി.കെ. | 1-4-2018 മുതൽ 31-3-2019വരെ |
| വെറ്ററിനറി സർജൻ | | സുനിൽകുമാർ.പി.എസ്. | 1-4-2018 മുതൽ 18-6-2018 FN വരെ |
| ” | | അരുൺ.സി.വി | 18-6-2018 AN മുതൽ 31-3-2019 വരെ |
| ഹെഡ് മിസ്ട്രസ്സ്,ജി.യു.പി.എസ് | | പി.കെ.മേരി | 1-4-2018 13-6-2018വരെ |
| ” | | ജെസ്സി സി വൈ | 14-6-2018 മുതൽ 31-3-2019 വരെ |
| | | | |

| | | |
|---|---|---|
| വി ഇ ഒ (വെറ്റിലപ്പാറ) | ജിജ്ഞ.കെ.വി | 1-4-2018 മുതൽ 31-3-2019 വരെ |
| വി ഇ ഒ(മലക്കപ്പാറ) | ബിജ്ജ.സി.വി | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീവിദ്യ.സി.വി | 1-4-2018 മുതൽ 10-8-2018 വരെ |
| | ഇന്ദു വിശ്വകുമാർ | 11-8-2018മുതൽ 31-3-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സെബിൻ.പി.എഫ് | 1-4-2018 മുതൽ 31-3-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 13 | ലൈസൻസ് അപാകതകൾ | 1-13 |
| 14 | കളക്ഷൻ ചാർജ്ജ് തനത് വരുമാനമാക്കാവുന്നതാണ് | 1-14 |
| 15 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 1-15 |
| 16 | വസ്തു നികുതി കുടിശ്ശിക -പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-16 |
| 17 | വസ്തു നികുതി -തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് നൽകിയിട്ടില്ല | 1-17 |
| 18 | എസ് സി കുട്ടികൾക്ക് കുട,ബാഗ് തുടങ്ങിയ പഠനോപകരണങ്ങൾ നൽകി-ചെലവ് മാർഗരേഖാ വിരുദ്ധം | 1-18 |

| | | |
|---|---|---|
| 19 | തുടർസാക്ഷരതാ പരിപാടി-കണ്ണട, പഠനോപകരണങ്ങൾ തുടങ്ങിയവ വാങ്ങി നൽകി-ചെലവ് മാർഗരേഖാ വിരുദ്ധം | 1-19 |
| 20 | വനിത വ്യവസായ കേന്ദ്രം ,വനിത ഹോസ്റ്റൽ കെട്ടിടം പ്രവർത്തിക്കുന്നില്ല. | 1-20 |
| 21 | പഞ്ചായത്ത് വക സ്ഥലം ടൂറിസം ഡിപ്പാർട്ട് മെന്റിന് വിട്ടുകൊടുക്കുവാനുള്ള തീരുമാനം- സർക്കാർ അനുമതി വാങ്ങേണ്ടതാണ് | 1-21 |
| 22 | കണ്ണൻകുഴി ക്രിമിറ്റോറിയം പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. | 1-22 |
| 23 | കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര വാങ്ങൽ - ഭൗതിക പരിശോധനയിൽ 3 എണ്ണം കുറവ് | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഇല്ല | 1-24 |
| 25 | എസ് സി വാട്ടർ ടാങ്ക് -ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല. | 1-25 |
| 26 | എസ് സി കുടുംബങ്ങൾക്ക് സൗര റാന്തൽ- പദ്ധതി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധം | 1-26 |
| 27 | എസ് എസ് എ വിഹിതം അടവാക്കിയത്-അധികതുക വരുംവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ് | 1-27 |
| 28 | മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ വിവിധ പദ്ധതികൾക്കായി,കെ എം എസ് സി എൽ ൽ നിന്നും മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല. | 1-28 |
| 29 | എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി -പൂർത്തീകരിച്ചിട്ടില്ല. | 1-29 |
| 30 | ഊരുകൂട്ടങ്ങളുടെ മിനിട്സ് പരിശോധന -ഊരുകൂട്ടങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണ്. | 1-30 |
| 31 | മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-31 |
| 32 | കരാർ വെച്ച് പ്രൊജക്റ്റ് ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നടത്തിയിട്ടില്ല | 1-32 |
| | ഭാഗം-2 | |
| | ഇല്ല | |
| | ഭാഗം-3 | |
| | ഇല്ല | |
| | ഭാഗം-4 | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| | | |

| | | |
|---|---|---|
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 45 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 20-3-2018 തീയതിയിലെ ,1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 6-2-2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട് .പ്രതീക്ഷിത വരവ് ,ചെലവ് എന്നിവ ബജറ്റ് പ്രകാരം, യഥാക്രമം 168902858/ രൂപയും,166027000/രൂപയും, പുതുക്കിയ ബജറ്റ് പ്രകാരം146233827/രൂപയും,145233327/രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 3-5-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8007937 |
| വരവ് | 77167001 |
| ആകെ | 85174938 |
| ചെലവ് | 71188898 |
| നീക്കിയിരിപ്പ് | 13986040 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 38775562 | 38775562 | 29686575 | 9088987 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6118000 | 6118000 | 4230768 | 1887232 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 3094000 | 3094000 | 2042479 | 1051521 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3725000 | 3725000 | 3500235 | 224765 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6248000 | 6248000 | 3221445 | 3026555 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 16771000 | 16771000 | 13817990 | 2953010 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 112012471 | 126 | 58220910 | 49 | 25 | 63 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30041 | 1091149 | 1121190 | 1120004 | 1186 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 22154000 | 22154000 | 22154000 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1068900 | 91 |
| വിധവാപെൻഷൻ | 6398600 | 22 |
| വാർദ്ധക്യകാലപെൻഷൻ | 6779100 | 567 |
| വികലാംഗപെൻഷൻ | 1054600 | 84 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 170500 | 16 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-2-2020,3.50 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47703 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ നിന്നും നല്കുന്ന രസീതി ബുക്കുകളിൽ കേരളാ ട്രഷറി കോഡ് , വോള്യം 1, ആർട്ടിക്കിൾ92 (b)കുറിപ്പ് 2 പ്രകാരം സ്ഥാപനത്തിന്റെ സീൽ പതിക്കേണ്ടതും അക്കൗണ്ട് റൂൾ ചട്ടം 83 അനുസരിച്ച് സ്ഥാപനമേധാവി

രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.ആയത് പാലിച്ചിട്ടില്ല.ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിന് അലംഭാവം ഉള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.(ഖണ്ഡിക നമ്പർ- )കൂടാതെ ആസ്തികൾ പരിപാലിക്കുന്നതിലും പഞ്ചായത്ത് അധികാരികൾ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ഓഡിറ്റ് ഭൗതിക പരിശോധനയുടെ ഭാഗമായി സന്ദർശിച്ച പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പരിസരം വൃത്തി ഹീനമായും ടോയ്‌ലെറ്റുകൾ ഉപയോഗ ശൂന്യമായ നിലയിലും കാണുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. തനത് വരുമാനം കുറവായ പഞ്ചായത്ത് പുതിയ നികുതി വരുമാനം കണ്ടെത്തുന്നതിൽ ശുഷ്കാന്തി കാണിക്കേണ്ടതാണ്.പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വനമേഖല കൂടുതലായ പഞ്ചായത്ത് ആയതിനാൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ വരുന്ന ബുദ്ധിമുട്ടുകളും പ്രത്യേകമായി ഏറ്റെടുക്കാവുന്ന പദ്ധതികളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ച് കാണുന്നില്ല.എസ് ടി വിഭാഗത്തിന്റെ ആവശ്യകതകൾ പ്രത്യേകമായി മനസ്സിലാക്കി അവരുടെ ക്ഷേമത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിലും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-6-2019 | ജനുവരി 2019-മാർച്ച് 2019 | 20-11-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-7-2017 | 2016-17 | 30-9-2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 എഫ്)

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിൽ അല്ല ആസ്തി രജിസ്ററർ തയ്യാറാക്കിയിരിക്കുന്നത്.

3.വാർഷികകണക്കിനൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net Decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5978103/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 ൽ "Net cash used up by operating +Investing+Financing Activity" ആയി

രേഖപ്പെടുത്തിയിരിക്കുന്നത് 1276236/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

4.പദ്ധതി -224 /19 ലെ ഫ്രണ്ട് ഓഫീസിലേക്ക് ടെലിവിഷൻ വാങ്ങൽ പ്രകാരം ടെലിവിഷൻ വാങ്ങിയതിന്റെ ചെലവ് 410710104 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി ആസ്തിയായി എടുക്കുന്നതിനു പകരം 251600801 എന്ന ഹെഡ്ഡിലാണ് എടുത്തിരിക്കുന്നത് .

5. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും

"സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>5.1തൻവർഷം</u>

5.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 418056 | 327262 | 9420 | 85125 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 418056 | 327262 | 699 | 85353 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (89621/105X100)=85353 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

5.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2259314 | 1974635 | 21585 | 266873 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2259314 | 1974635 | 0 | 266914 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (280260/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>5.2കുടിശ്ശിക</u>

5.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 295536 | 180675 | 120621 |

| | | | |
|---|---|---|---|
| പ്രകാരം | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 339150 | 180675 | 121149 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (127207/105X100)= 121149) |

5.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 759313 | 315401 | 444016 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 775363 | 315401 | 444119 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (466325/105X100)=444119 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

5.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 22042 | 16041 | 38083 | 17132 | 9243 | 26375 | 487 | 0 | 4496 | 6586 | 11324 |
| | നോൺ-റെസിഡൻഷ്യൽ | 113257 | 38178 | 151435 | 98918 | 15804 | 114722 | 1088 | 0 | 13387 | 22309 | 35735 |
| | ആകെ | | | 189518 | | | 141097 | 1575 | | 46778 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 188143 | | | 141619 | | | - | - | 45832 | | |
| | | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

5.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:5.1.1, 5.1.2, 5.2.1, 5.2.2, 5.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

5.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയിരുതുകയും ലഭിച്ചിട്ടില്ല. എന്നാൽ "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ തുകകൾ ചേർത്തിട്ടുണ്ട്.

| ക്ര.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1. | 350410101-Advance collection of revenues - Property tax on Residential building | 7361 | 42472 |
| 2. | 350410104-Advance collection of revenues - Property tax on Residential building | 3730 | 6776 |

5.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 64പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് മൂന്ന് തവണ മാത്രം (30.11.18,1.3.19 & 31.3.19) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

5.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 141619/-രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 141097/- രൂപയുമാണ്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 139023/- രൂപയാണ്. (വൗച്ചർ 41800323,41800327/ തീ 31/3/2019 ( )) (പട്ടിക 2.3 കാണുക )

<u>മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.</u>

6.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100104-Prior period income-Property tax on non residential buildings | 20490 |
| 280200102-Prior period income-Profession tax /traders | (1080) |
| 280200401-Prior period income-Other income | (12690) |
| 280200201-Prior period-licence fees | (900) |
| 280800301-Prior period- operations and maintanance expenses | 576324 |
| 280100101 Prior period income P.T on residential Building | 5425 |

# 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരാണ്. ( കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). 2018-19വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. ഡിആന്റ്ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ്/ കെട്ടിട നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഹൈഡൽ പാലസ് ഹോട്ടൽ ആന്റ് റിസോർട്ട്സ് | II/229 A | 6 |
| 2 | ഹൈഡൽ പാലസ് ഹോട്ടൽ ആന്റ് റിസോർട്ട്സ് | II/229 B | 6 |
| 3 | വില്ലോ ഹൈറ്റ്സ് | VI/248 A | 9 |
| 4 | സംരോഹ | VII/123 A,B,C,D,E,F,G | 20 |
| 5 | ചിയോങ്ങ് റസ്റ്റോറന്റ് | IV/233 | 4 |
| 6 | പ്ളാന്റേഷൻവാലി ഫാം റിസോർട്ട് | VI/159 to 170 | 12 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (ഓഡിറ്റ്അന്വേഷണം നമ്പർ 8/29-02-2020) മേൽ പറഞ്ഞ സ്ഥാപനങ്ങളിലേക്ക് തൊഴിൽനികുതി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത് . തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>സ്ഥാപന തൊഴിൽനികുതി</u>

1. ഡി.ഡി.സി.ആർ ലബോറട്ടറി , വെറ്റിലപ്പാറ എന്നസ്ഥാപനം 2018-19 സാമ്പത്തികവർഷത്തെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി കുറവായി ഈടാക്കിയതായി കാണുന്നു.

| സ്ഥാപനം | അർദ്ധ വർഷം | ഈടാക്കേണ്ട തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|---|
| വ്യൂ ലാന്റ്സ് ഹോട്ടൽ , അതിരപ്പിള്ളി | I &II | 2500 | 600 | 1900 |
| റോയൽപാലസ് റസ്റ്റോറന്റ് വെറ്റിലപ്പാറ | I&II | 2500 | 1500 | 1000 |

സ്ഥാപനതൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 4/28.02.2020)

# 1-13 ലൈസൻസ് അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുള്ളതാകുന്നു. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുള്ളതും ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതുമാണ്.

<u>ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു</u>

വെറ്റിലപ്പാറയിലുള്ള ബനാനാലീഫ് എന്ന ഹോട്ടലിലെ ഭക്ഷണത്തിൽനിന്നും എട്ടുകാലി, പുഴു, വണ്ട് തുടങ്ങിയ കീടങ്ങളെ ലഭിച്ചതായുള്ള പരാതിയിന്മേൽ (ഫയൽ നമ്പർ എ4/1595/19 ) നടത്തിയ അന്വേഷണത്തിൽ ടി സ്ഥാപനം 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന റിപ്പോർട്ട് പി എച്ച് സി സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം അടച്ചുപൂട്ടുവാൻ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട് (30/04/19 ലെ സാധാരണ യോഗം അജണ്ട 8,തീരുമാന നമ്പർ -1). ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നമ്പർ 14 ,04/03/2020) മറുപടി ലഭ്യമായില്ല. ചട്ടങ്ങളിൽ പറയുന്ന നിബന്ധനകൾ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്നും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-14 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ 4320/-രൂപ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് അടവാക്കിയെന്ന് മറുപടി നൽകിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ 7/ 29.02.2020) .KCWWF ലേക്ക് അടവാക്കിയ തുക പരിശോധിക്കുകയും ആയതിന്റെ പരമാവധി 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ്

# വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് 2500/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല എന്നു ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. പഞ്ചായത്തിന് അർഹതപ്പെട്ട തുകയായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 7/ 29.02.2020).

# 1-16 വസ്തു നികുതി കുടിശ്ശിക -പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2018-19 ലെ വാർഷികകണക്ക് പ്രകാരം പഞ്ചായത്തിന്റെ വസ്തുനികുതി കുടിശ്ശിക 963413/- രൂ ആണ്.ആയതിൽ വലിയ തുക കുടിശ്ശിക ആയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | 2018-19 വരെയുള്ള കുടിശ്ശിക |
|---|---|
| എക്സ് സർവ്വീസ്മെൻ സൊസൈറ്റി വെറ്റിലപ്പാറ | 21162/- |
| അഖില പുളിക്കൽ | 10848/- |
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് ചാർപ്പ | 136047/- |
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് വാഴച്ചാൽ | 35794/- |
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് കൊല്ലത്തിരുമേട് | 3064/- |
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് ഷോളയാർ | 50786/- |
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് ഇടമലയാർ | 36855/- |
| ഫോറസ്റ്റ് റേഞ്ച് ഓഫീസ് പരിയാരം | 6471/- |
| ഷോളയാർ എസ് ടി സൊസൈറ്റി | 50786/- |

മേൽ സ്ഥാപനങ്ങളിലേതുൾപ്പെടെ കുടിശ്ശികത്തുക കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 വസ്തു നികുതി -തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള വർദ്ധനവ് നൽകിയിട്ടില്ല

ഫയൽ നമ്പർ-എ4-1606/18

ഉടമസ്ഥൻ-അന്തോണി

തോപ്പിൽ വെറ്റിലപ്പാറ

നിലവിലുള്ള ലോഡ്ജ് കെട്ടിടത്തിന്റെ മുകളിൽ എക്സ്റ്റൻഷന് (241.84എം2) നടത്തിയതിന് റഗുലറൈസേഷന് അപേക്ഷിക്കുകയും റഗുലറൈസ് ചെയ്ത് 4/274സി എന്ന നമ്പർ നൽകുകയും ചെയ്തു.241.84എം2 ന് പ്രത്യേക നമ്പർ നൽകിയതിനാൽ 910.05 എം2 വിസ്തീർണ്ണമുള്ള കെട്ടിടത്തിന് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. ഇത് പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടംവരുത്തും എന്നതിനാൽ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതാണ്.

# 1-18 എസ് സി കുട്ടികൾക്ക് കുട,ബാഗ് തുടങ്ങിയ

## പഠനോപകരണങ്ങൾ നൽകി-ചെലവ് മാർഗരേഖാ വിരുദ്ധം

ഹെഡ്മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.47/19, എസ് സി കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകൽ എന്ന പദ്ധതിയിൽ, കുട്ടികൾക്ക് മേശ, കസേര എന്നിവയോടൊപ്പം, ബാഗ്,കുട,നോട്ട്ബുക്ക് തുടങ്ങി, 12 ഇനം സാധനങ്ങൾ നൽകിയിട്ടുണ്ട്. വീകോ ട്രേഡേഴ്സ്, അരിമ്പൂർ , തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.014/dt.15-1-2019 പ്രകാരം, കുട,ബാഗ്,നോട്ട്ബുക്ക്, പെൻസിൽ തുടങ്ങിയ 12 ഇനം സാധനങ്ങൾ,43376/രൂപയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന് ബിൽ നം.4/18-19,15-12-2019,തുക-245476/ പ്രകാരം നിർവഹണോദ്യഗസ്ഥൻ തുക നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ,22/2018/ത സ്വ ഭ വ, തിയതി.14-2-2018 പ്രകാരം,ബാഗ്,കുട,നോട്ട്ബുക്ക് തുടങ്ങിയ പഠനോപകരണങ്ങൾ പട്ടികവർഗ വിദ്യാർത്ഥികൾക്ക് മാത്രമേ നൽകാൻ പാടുള്ളൂ. ആയതിനാൽ മാർഗരേഖാ വിരുദ്ധമായി ചെലവ് ചെയ്ത,43376/ രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 തുടർസാക്ഷരതാ പരിപാടി-കണ്ണട, പഠനോപകരണങ്ങൾ തുടങ്ങിയവ വാങ്ങി നൽകി-ചെലവ് മാർഗരേഖാ വിരുദ്ധം

ഹെഡ്മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.89/19,തുടർസാക്ഷരത എന്നതിൽ , സമ്പൂർണ സാക്ഷരത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിയ ഈ പദ്ധതിയിൽ , പഠിതാക്കൾക്ക് അക്ഷരലക്ഷം സാക്ഷരതാ പരീക്ഷ നടത്തിയതിന്റെ ചെലവായി പ്രേരക് മാർക്ക് ഹോണറേറിയം നൽകിയ ഇനത്തിൽ 24000/ രൂപാ, പഠിതാക്കൾക്ക്, കണ്ണട,നോട്ട്ബുക്ക്, പെൻസിൽ പെൻസിൽ ബോക്സ് തുടങ്ങിയവ നൽകിയതിന്റെ ചെലവ് 13800/ രൂപാ എന്നിവ ഉൾപ്പെടുന്നു. എന്നാൽ പദ്ധതി മാർഗരേഖാ,11/2018/ ത സ്വഭ വ, തിയതി.29-1-2018 പ്രകാരം, സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില നൽകുക,സാക്ഷരതാ മിഷന് അടയ്ക്കേണ്ടതായ ഫീസ് നൽകുക എന്നിവയ്ക്കു വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം എന്ന് പറയുന്നുണ്ട്. മാർഗരേഖാ വിരുദ്ധമായി ചെലവ് ചെയ്ത 37800/രൂപാ(24000+13800) രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ബിൽ നം.3/18-19,dt.29-9-18, തുക-47010/)

## 1-20 വനിത വ്യവസായ കേന്ദ്രം ,വനിത ഹോസ്റ്റൽ കെട്ടിടം പ്രവർത്തിക്കുന്നില്ല.

2012-13 ൽ പൂർത്തീകരിച്ച വനിത വ്യവസായ കേന്ദ്രം ,വനിത ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനത്തിനായി നിർമ്മിച്ച കെട്ടിടം നിലവിലും പ്രവർത്തിക്കാതെ പൂട്ടിക്കിടക്കുന്നതായി ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ കാണുകയുണ്ടായി. 2019-20 ൽ പ്രസ്തുത കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി 650000/-രൂ വകയിരുത്തിയിട്ടുണ്ട്.മേൽ കെട്ടിടം പ്രവർത്തന ക്ഷമ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 പഞ്ചായത്ത് വക സ്ഥലം ടൂറിസം ഡിപ്പാർട്ട് മെന്റിന് വിട്ടുകൊടുക്കുവാനുള്ള തീരുമാനം-സർക്കാർ അനുമതി വാങ്ങേണ്ടതാണ്

പഞ്ചായത്ത് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 20.12.2018 ലെ 8/1 തീരുമാന പ്രകാരം DTPC തൃശ്ശൂർ നടപ്പിലാക്കുന്ന ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ അറ്റ് മലക്കപ്പാറ എന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അതിരപ്പിള്ളി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മലക്കപ്പാറയിൽ ഉള്ള 2.271/4 ഏക്കർ സ്ഥലത്തിൽ നിന്നും 1 ഏക്കർ സ്ഥലം DTPC ക്ക് കൈമാറുന്നതിന് യോഗം ഐകകണ്ഠേന തീരുമാനിച്ചു.ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർ

നടപടികൾ ഓഡിറ്റ് എൻക്വയറി നമ്പർ-3/27.2.2020 മുഖേന ആവശ്യപ്പെട്ടതിന് മറുപടിയായി ലഭ്യമാക്കിയ വിവര പ്രകാരം പ്രസ്തുത സ്ഥലം അതിരപ്പിള്ളി പഞ്ചായത്തിന് ഷോളയാർ ഗിരിജൻ വെൽഫയർ സൊസൈറ്റിയിൽ നിന്നും സർക്കാര് അനുവദിച്ചതാണ്.(സ.ഉ.(സാധാ) നം.4422/2016/റവന്യൂ/22.10.2016)സ്ഥലത്തിന്റെ വിലയായി 6897511/- രൂപ പഞ്ചായത്ത് സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്.പ്രസ്തുത സ്ഥലത്തിൽ നിന്നും 1 ഏക്കർ സ്ഥലം DTPC ആവശ്യപ്പെട്ടതിനെ തുടർന്ന് 19.3.2018 ലെ 1(1) നമ്പർ തീരുമാന പ്രകാരം പ്രസ്തുത ഭൂമി പഞ്ചായത്തിന് വരുമാനം ഉറ്പപു വരുത്തുന്ന രീതിയിൽ ടൂറിസം വകുപ്പിന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നതിനാണ് പഞ്ചായത്ത് തീരുമാനിച്ചിരുന്നത്. തുടർന്നാണ് 20.12.2018 ലെ സ്ഥലം വിട്ടു നൽകുന്നതിനുള്ള തീരുമാനം എടുത്തത് .സ്ഥലം കൈമാറുന്നത് സംബന്ധിച്ച് 11.2.2020 ലെ 21(1) നമ്പർ തീരുമാനം പരിശോധിച്ചതിൽ പ്രസ്തുത സ്ഥലത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും ആയതിൽ പഞ്ചായത്തിന്റെ പങ്ക് പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദമായ പ്രൊജക്ട് റിപ്പോർട്ട് പഞ്ചായത്തിന് ലഭിച്ചശേഷം ആയത് പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത് അംഗീകരിച്ചതിനു ശേഷം വസ്തു കൈമാറുന്നതിന് സർക്കാരിനോട് കേരള പഞ്ചായത്ത് രാജ് ( വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും )ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സർക്കാരിന്റെ അനുമതിക്കായി അപേക്ഷിക്കുവാനും ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ടൂറിസം വകുപ്പിന്റെ പ്രതിനിധികളുമായി ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.)കേരള പഞ്ചായത്ത് രാജ് ( വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും )ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം പഞ്ചായത്തിന്റെ സ്ഥലം വിട്ടു നൽകുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങേണ്ടതാണ്.ആയതിനാൽ സർക്കാർ ഉത്തരവ് ലഭിച്ചതിനുശേഷമേ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാവൂ.

2.)അതിരപ്പിള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തനത് വരുമാനം നാമ മാത്രമാണ്.ആയതിനാൽ പഞ്ചായത്തിന് വരുമാനം ഉറപ്പു വരുത്തുന്ന രീതിയിൽ ഭൂമി കൈമാറുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയ ഭൂമി ആയതിനാൽ പഞ്ചായത്തിന് നഷ്ടമുണ്ടാകാത്ത രീതിയിലും വരുമാനം ഉറപ്പു വരുത്തുന്ന രീതിയിലും ഭൂമി കൈമാറ്റം ചെയ്യുന്നുള്ളൂ എന്നത് ഉറപ്പു വരുത്തേണ്ടതാണ്.

# 1-22 കണ്ണൻകുഴി ക്രിമിറ്റോറിയം പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

2015-16 ലെ ഈ ഓഫീസിന്റെ 2015-16 ഓഡിറ്റ് റിപ്പോർട്ടിലെ(കെ എസ് എ ടിഎസ് ആർ(പി 7/75/2017 തീ.25.1.2017) ഖണ്ഡിക നമ്പർ 3-24 ൽ കണ്ണൻകുഴി ക്രിമിറ്റോറിയം പ്രവർത്തന ക്ഷമമാക്കാത്തത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. 2012-13 ൽ നിർമ്മാണം ആരംഭിച്ച ക്രിമിറ്റോറിയം 2018-19 ലും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 3 ഫേസ് ലൈൻ വലിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടും നാളിതു വരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.2015-16 വരെ 47 ലക്ഷത്തിലധികം രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.2016-17 മുതലുള്ള ചെലവ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (6/3.3.2020)താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്.

| വർഷം | പദ്ധതി | ചെലവ് തുക |
|---|---|---|
| 2016-17 | കണ്ണൻകുഴി ക്രിമിറ്റോറിയം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 869289/- |
| 2017-18 | ഇലക്ട്രിഫിക്കേഷൻ | 159531/- |
| 2018-19 | 3 ഫേസ് ലൈൻ വലിക്കൽ | 50448/- |

ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ 3 ഫേസ് ലൈൻ വലിക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.വലിയ തുക ചെലവഴിച്ച പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കേണ്ടതിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ ഉത്തരവുകൾ കൃത്യമായി പാലിക്കാത്തതിന്റെ ദൃഷ്ടാന്തമാണ് നിലവിലും പദ്ധതി പ്രവർത്തനക്ഷമമാകാത്തതും ,12ാം പദ്ധതി (2012-17) കാലയളവിൽ ആരംഭിച്ച് നിലവിൽ 13ാം പദ്ധതി കാലയളവിലും തുടരുന്നത്. ഒരു പദ്ധതി കാലയളവിൽ ആരംഭിക്കുന്ന പദ്ധതി അതേ പദ്ധതി കാലയളവിൽ തന്നെ പൂർത്തീകരിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ്. പദ്ധതികൾ തയ്യാറാക്കുമ്പോൾ വ്യക്തമായ ആസൂത്രണത്തോടും ഉത്തരവുകൾ പാലിച്ചും നടപ്പാക്കേണ്ടതിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-23 കമ്മ്യൂണിറ്റി ഹാളിലേക്ക് കസേര വാങ്ങൽ - ഭൗതിക പരിശോധനയിൽ 3 എണ്ണം കുറവ്

പദ്ധതി നമ്പർ-225/19

ചെലവ്- 98340/-

ബിൽ നമ്പർ-66/7.3.2019-98340/-
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളുകളിലേക്ക് കസേര വാങ്ങൽ പദ്ധതി പ്രകാരം കണ്ണൻകുഴി കമ്മ്യൂണിറ്റിഹാളിലേക്ക് 70 കസേരകൾ വാങ്ങി.(ഇൻവോയ്സ് നം A417/25.2.2019).ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ 67 എണ്ണം മാത്രമേ കാണാൻ കഴിഞ്ഞുള്ളൂ. നീൽകമൽ വിർജിൻ ആംലെസ്സ് കസേര ഒരെണ്ണത്തിന് 447 രൂ ആണ് വില .ആയതിനാൽ 3 എണ്ണത്തിന്റെ വില 447x3=1341 രൂ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 1-24 വിനിയോഗ സാക്ഷ്യപത്രം ഇല്ല

എ) വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്കിനായി തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ബിൽ നമ്പർ/തുക | റിമാർക്സ് |
|---|---|---|---|
| 125/19 | വെറ്റിലപ്പാറ ,കണ്ണൻകുഴി നേഴ്സറിപ്പടി ജലനിധി കുടിവെള്ള പദ്ധതികൾക്ക് ജലശുദ്ധീകരണ പ്ളാന്റ് | ബിൽ നമ്പർ-58/22.3.2019-1000000/-<br>ബിൽ നമ്പർ-70/20.3.2019-500000/- | വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| | ആകെ | 1500000/-രൂ | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ബി) വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തുക കൈമാറിയത് വിനിയോഗ സാക്ഷ്യപത്രം ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | ബിൽ നമ്പർ/ തുക | റിമാർക്സ് |
|---|---|---|---|
| 140/19 | അരൂർമുഴി ലിഫ്റ്റ് ഇറിഗേഷൻ ബ്ളോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | 28/17.10.2018-1200000/- | ചാലക്കുടി ബ്ളോക്ക് പഞ്ചായത്തിന് നൽകി. |
| 3/19 | വിജ്ഞാൻ സാഗർ | 18/11.9.2018- | ജില്ലാ |

| | | | |
|---|---|---|---|
| | വിഹിതം നൽകൽ | 100000/- | പഞ്ചായത്തിന് വിഹിതം നൽകൽ |
| 69/19 | സുശാന്തം വിഹിതം നൽകൽ | 19/11.9.2018-50000/- | ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 എസ് സി വാട്ടർ ടാങ്ക് -ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല.

പദ്ധതി നമ്പർ-146/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി സെക്രട്ടറി

ബിൽ നമ്പർ-2/22.9.2018-9954/-

ബിൽ നമ്പർ-18/16.3.2019-26544/-

മേൽ പദ്ധതി പ്രകാരം സെൽസർ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 500ലിറ്റർ വാട്ടർ ടാങ്ക് 24 എണ്ണം (ഇൻവോയ്സ് നമ്പർ-07297/18-19/15.2.2019) പ്രകാരം 36498 രൂപക്ക് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.സ.ഉ.(എംഎസ്) നം.80/2017/തസ്വഭവ/3.4.2017 ലെ ഖ.8.5 ക്ര നമ്പർ 5 പ്രകാരം 75% സബ്സിഡി ആണ് ഈ ഇനത്തിന് നൽകാവുന്നത്.എന്നാൽ ഫയലിൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഈ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/3.3.2020)മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-26 എസ് സി കുടുംബങ്ങൾക്ക് സൗര റാന്തൽ- പദ്ധതി മാർഗ്ഗരേഖ ഉത്തരവിന് വിരുദ്ധം

പദ്ധതി നമ്പർ-143/2019

മേൽ പദ്ധതി പ്രകാരം 100 എസ് സി കുടുംബങ്ങൾക്ക് സൗരറാന്തൽ അമ്മിണി എനർജി സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം നടത്തി.(ഇൻവോയ്സ് നമ്പർ-INV-CA0494/25.3.2019) 350000/-രൂ .അടങ്കലുള്ള പദ്ധതിക്കായി 35000/*-രൂ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് മാത്രമേ 2018-19 ൽ സ്ഥാപനത്തിന് കൈമാറിയിട്ടുള്ളൂ.പദ്ധതി വിഹിതം ബിൽ ക്യൂ ബിൽ ആയതിനാൽ 2019-2020 ലേക്ക് സ്പിൽ ഓവർ ആയി മാറ്റിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(എംഎസ് ) നമ്പർ 22/2018 തസ്വഭവ തീയതി പ്രകാരം വൈദ്യുതി എത്തിച്ചേരാത്ത പ്രദേശങ്ങളിലെ എസ് സി കുടുംബങ്ങൾക്ക് മാത്രമേ സൗരറാന്തൽ വിതരണം നടത്താവൂ.എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വൈദ്യുതി ഇല്ലാത്ത വ്യക്തികൾക്ക് അല്ല സൗരറാന്തൽ വിതരണം നടത്തിയത് എന്ന് വ്യക്തമാക്കി .വൈദ്യുതി കൂടെക്കൂടെ തടസ്സപ്പെടുന്ന പ്രദേശമായതിനാലാണ് സൗരറാന്തൽ നൽകിയതെന്നാണ് അറിയിച്ചത്.ഇത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.മാർഗ്ഗരേഖ ഉത്തരവ് പ്രകാരം ഉത്തരവിൽ വ്യക്തമാക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-27 എസ് എസ് എ വിഹിതം അടവാക്കിയത്- അധികതുക വരുംവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

ഹെഡ് മാസ്റ്റർ നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം-8/19 എസ് എസ് എ വിഹിതം അടവാക്കൽ എന്നതിൽ, ജില്ലാ പ്രോജക്ട് ഓഫീസർക്ക് , ബിൽ നം.1/18-19,തിയതി.31-7-18 പ്രകാരം,721420/ അടവാക്കിയിട്ടുണ്ട്. എന്നാൽ, 1-7-2019 ന്, ജില്ലാ പ്രോജക്ട് കോ ഓർഡിനേറ്ററുടെ കാര്യാലയത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം പ്രകാരം, 1004656/രൂപയാണ് മൊത്തം ചെലവ് ആയി കാണിച്ചിരിക്കുന്നത്. മൊത്തം ചെലവിന്റെ 40% ആണ് തദ്ദേശസ്ഥാപനത്തിന്റെ വിഹിതമായി നൽകേണ്ടത്. ആയതിനാൽ 40% തുകയായ 401862/ രൂപാ കഴിച്ച് ബാക്കി തുക വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

# 1-28 മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ വിവിധ പദ്ധതികൾക്കായി,കെ എം എസ് സി എൽ ൽ നു നൽകിയ തുകയിൽ മുഴുവൻ തുകയ്ക്കുള്ള മരുന്നും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ വിവിധ പദ്ധതികൾക്കായി, കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷനിലേക്ക് ,മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/ പേര് | അടവാക്കിയ തുക | ബിൽ നം, തിയതി | മരുന്ന് ലഭിച്ചത് | ബാക്കി ലഭിക്കാനുള്ളത് |
|---|---|---|---|---|
| 36/19,എസ് ടി കോളനികളിൽ മെഡിക്കൽ ക്യാമ്പ് | 20000/ | 10/2018-19,15-1-2019 | 11081/ | 8919 |
| 34/19,പി എച്ച് സിയ്ക്ക് മരുന്ന് വാങ്ങൽ | 50000/ | 11/2018-19,23-1-2019 | 24348/ | 25652/ |
| 31/19,സാന്ത്വന ചികിൽസ | 35000/ | 8/2018-19,15-1-2019 | 23055/ | 11945/ |
| | | | | |

ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-29 എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി -പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ-26/19
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി സെക്രട്ടറി

ബിൽ നമ്പർ-20/18.3.2019-80000/-

ബിൽ നമ്പർ-13/21.2.2019-50000/-

വിഹിതം-200000/-രൂ

എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി പദ്ധതി പ്രകാരം 2 ഗഡുക്കളായി തുക(130000/-രൂ) കൈപ്പറ്റിയ ആഷ്മി സജി ,തയ്യിൽ ,വൈശേരി എന്ന വ്യക്തി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

# 1-30 ഊരുകൂട്ടങ്ങളുടെ മിനിട്സ് പരിശോധന -ഊരുകൂട്ടങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കേണ്ടതാണ്.

14 ഊരുകൂട്ടങ്ങളാണ് അതിരപ്പിള്ളി പഞ്ചായത്തിൽ ഉള്ളത് . ലഭ്യമായവയുടെ മിനിട്സ് പരിശോധിച്ചതിൽ നിരവധിയായ ആവശ്യങ്ങൾ ഊരുകൂട്ടങ്ങൾ മുന്നോട്ട് വക്കുന്നതായി കണ്ടു.

എ)പിള്ളപ്പാറ-കോളനിയിൽ മണ്ണൊലിപ്പ് തടയുന്നതിന് കോളനി നിവാസികളുടെ ഭൂമി കെട്ടി സംരക്ഷിക്കണം.

ബി) ആനക്കയം-മണ്ണിടിച്ചിൽ ഭീഷണി മൂലം ഭൂമിയും ഭവനങ്ങളും നഷ്ടപ്പെട്ടിട്ടും നാളിതുവരെയായി ഭൂമിയും ഭവനങ്ങളും ലഭിച്ചിട്ടില്ല.

സി)ഷോളയാർ-കോളനിക്കകത്ത് ഫെൻസിങ്ങ് ചെയ്യണം.കോളനിയിൽ അങ്കണവാടിയില്ല.വനം വകുപ്പിൽ നിന്ന് ഭൂമി ആവശ്യപ്പെടണം.

ഡി)വെട്ടുവിട്ടക്കാട്-അങ്കണവാടി ഇല്ലാത്തതിനാൽ കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നില്ല.എന്ന് എസ് സി പ്രൊമോട്ടർ അറിയിച്ചു.കമ്മ്യൂണിറ്റി ഹാൾ ,വാലായ്മ പുര എന്നീ ആവശ്യങ്ങളും വേണം എന്നറിയിച്ചു.ടോയ്ലറ്റ് ബ്ളോക്ക് പണി തീരാതെ കിടക്കുന്നത് ശരിയാക്കണം .

ഇ)അരയക്കാപ്പ്-അങ്കണവാടി കെട്ടിടം പണി തീരാതെ കിടക്കുന്നു.റോഡ് ഇല്ല.

ഊരുകൂട്ടങ്ങൾ മുന്നോട്ട് വക്കുന്ന ആവശ്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-31 മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല.വൈകിയതിന് കാരണം സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.കരാറിലെ 7ാംവ്യവസ്ഥ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20ശതമാനം കൂടി പിഴ കൂടാതെ അനുവദിക്കാവുന്നതാണ്.അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് ഓരോ 3മാസത്തിനും കരാർ തുകയുടെ 2 ശതമാനം വീതം ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ.കാലാവധി നീട്ടിനൽകാനാവശ്യപ്പെട്ടുകൊണ്ട് കരാറുകാർ അപേക്ഷ സമർപ്പിച്ചതായോ പഞ്ചായത്ത് കമ്മറ്റി പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയം ദീർഘിപ്പിച്ച് തീരുമാനമെടുത്തതായോ ഫയലുകളിൽ കാണുന്നില്ല. ഫൈൻ ഈടാക്കി പൂർത്തീകരണകാലാവധി നീട്ടിനൽകിയതായി കാണുന്നില്ല. ഫൈനൽ ബില്ലിൽ നിന്നും ഫൈൻ കുറവുചെയ്തിട്ടുമില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്,<br>അടങ്കൽ തുക | കരാറുകാരന്റെ പേര്,<br>കരാർ നം,തിയതി | ട്രഷറി ബില്ല്,തിയതി,<br>ചെലവ് തുക | സൈറ്റ് കൈമാറിയ തിയതി,<br>പൂർത്തീകരിക്കേണ്ട തിയതി | പ്രവൃത്തി പൂർത്തീകരിച്ച തിയതി,<br>അളവു പുസ്തകം |
|---|---|---|---|---|---|
| 1 | പിള്ളപ്പാറ മലയൻകോളനി നടപ്പാതയും സൈഡ് കെട്ടും<br>5,06,000/- | കെ.എം.വർഗ്ഗീസ്<br>39/AE/APLY/17-18/31.3.18 | 41/28.3.19<br>408898/- | 31.3.18<br>6 months | 34/18-19, 46/17-18<br>23.11.18 |
| 2 | മാടവനറോഡ് ഡ്രൈയിൻ,റീടാറിംഗ്<br>14,00,000 | ജോമോൻ കെ ജി<br>28/AE/APLY/17-18/3.11.17 | First part bill-782457/-<br>second & final-350625 | 3.11.17<br>6 months | 37/18-19, 22/17-18<br>15.7.19 |
| 3 | കണ്ണംകുഴി കമ്മ്യൂണിറ്റിഹാൾ ഷീ ടോയ്ലറ്റ്<br>3,00,000 | കെ.എം.വർഗ്ഗീസ്<br>22/AE/APLY/16-17/26.10.17 | 39/28.3.19<br>237352/- | 26.10.17<br>6 months | 30/18-19, 41/17-18<br>18.2.19 |
| 4 | പൊകലപ്പാറ അംഗൻവാടി | പോൾസൺ | 44/28.3.19 | 17.10.17 | 42/18-19, |

| | | | | | |
|---|---|---|---|---|---|
| | കെട്ടിടനിർമ്മാണം<br>10,00,000 | കെ.എം<br>17/AE/APLY/17-18/17.10.17 | 640444/- | 9 months | 34/17-18<br>27.11.18 |
| 5 | ആയുർവേദ ഡിസ്പെൻസറി കുടിവെള്ള സൗകര്യമൊരുക്കൽ<br>2,25,000 | കെ.എം.വർഗ്ഗീസ്<br>33/16-17/8.3.2017 | 31/7.1.19,<br>149387/- | 8.3.17<br>6 months | 29/17-18<br>27.3.18 |
| 6 | വെറ്റിലപ്പാറപിഎച്ച്സി കുടിവെള്ളസൗകര്യമൊരുക്കൽ | കെ.എം.വർഗ്ഗീസ്<br>32/16-17/8.3.2017 | 32/7.1.19,<br>151184/- | 8.3.17<br>6 months | 31/17-18<br>27.3.18 |
| 7 | അരൂർമുഴി കമ്മ്യൂണിറ്റിഹാൾകുടിവെള്ള സൗകര്യമൊരുക്കൽ<br>2,25,000 | കെ.എം.വർഗ്ഗീസ്<br>34/16-17/8.3.2017 | 33/7.1.19 ,<br>150032/- | 8.3.17<br>6 months | 30/17-18<br>27.3.18 |
| താഴെ പറയുന്ന പദ്ധതികൾ സമയത്തിനുള്ളിൽ പൂർത്തീകരിച്ചുവെങ്കിലും തുക വൈകിയാണ് അനുവദിച്ചത്,ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. | | | | | |
| 1 | പെരിങ്ങൽക്കുത്ത് എൽപി സ്കൂൾ അറ്റകുറ്റപ്പണികൾ<br>1,50,000 | ജീമോൻ പി ജോസ്<br>25/AE/APLY/17-18/27.10.17 | 12/13.7.18<br>130784/- | സൈറ്റ് കൈമാറിയതിന്റെ രേഖകളില്ല<br>TSപ്രകാരം 6 months | 4/17-17<br>16.11.17 |
| 2 | വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ്<br>1,50,000 | പോൾസൺ കെ.എം<br>23/16-17/25.2.17 | 5/26.5.18<br>1,10,000/- | സൈറ്റ് കൈമാറിയതിന്റെ രേഖകളില്ല<br>TSപ്രകാരം 6 months | 22/16-17<br>14.6.17 |

പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്

# 1-32 കരാർ വെച്ച് പ്രൊജക്റ്റ് ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നടത്തിയിട്ടില്ല

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് കരാറുകാരുമായി കരാർ വച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റിന്റെ വിവരം | കരാറുകാരന്റെ പേര്,കരാർ തിയിത | റിമാർക്സ് |
|---|---|---|---|
| 1 | പെരുമ്പാറ അംഗൻവാടി 6ചുറ്റുമതിൽ | കെ എം പോൾസൺ<br>തിയതി ഇല്ല | പ്രൊജക്റ്റ് നടപ്പാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | 2017-18 ലെ പ്രൊജക്റ്റ് നം87/18<br><br>2018-19 ലെ പ്രൊജക്റ്റ് നം181/19<br><br>2019-20ൽ സ്പിൽ ഓവർ ആക്കിയിട്ടില്ല | | |
| 2 | പ്ലാച്ചിത്തോട് സൈഡ് പ്രൊട്ടക്ഷൻ<br><br>2017-18 ലെ പ്രൊജക്റ്റ് നം51/18<br><br>2018-19 ലെ പ്രൊജക്റ്റ് നം161/19<br><br>2019-20ൽ സ്പിൽ ഓവർ ആക്കിയിട്ടില്ല | കെ എം പോൾസൺ<br><br>17.10.17 | ,, |
| 3 | മലക്കപ്പാറ ഹെൽത്ത് സബ്സെന്റർ ചുറ്റമതിൽ, നവീകരണം<br><br>2017-18 ലെ പ്രൊജക്റ്റ് നം98/18<br><br>2018-19 ലെ പ്രൊജക്റ്റ് നം185/19<br><br>2019-20ൽ സ്പിൽ ഓവർ ആക്കിയിട്ടില്ല | ജീമോൻ പി ജോസ്<br><br>3.11.17 | ,, |
| 4 | പെരുമ്പാറ കോളനിയിൽ സ്ത്രീസൗഹൃദഗൃഹം<br><br>2018-19 ലെ പ്രൊജക്റ്റ് നം201/19<br><br>2019-20ൽ സ്പിൽ ഓവർ ആക്കിയിട്ടില്ല | ജോമോൻ കെ ജി<br><br>7.11.18 | ,, |
| 5 | മലക്കപ്പാറ സ്കൂൾ നിർമ്മാണം<br><br>2018-19 ലെ പ്രൊജക്റ്റ് | ജോമോൻ കെ ജി<br><br>19.1.19 | ,, |

| | | | |
|---|---|---|---|
| | നം219/19<br>2019-20ൽ സ്പിൽ ഓവർ ആക്കിയിട്ടില്ല | | |
| 6 | കുമാരക്കുറുപ്പ് റോഡ്<br>143/17 | ജെയ്സൺ വി ആർ<br>15.3.17 | പഞ്ചായത്ത് കമ്മറ്റി തീരുമാനം 2/26.7.2018 പ്രകാരം 2017-18 വർഷത്തിൽ ടെണ്ടർ ചെയ്ത ഈ രണ്ട് പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കാത്ത കരാറുകാരന് കാരണം കാണിക്കൽ നോട്ടീസ് അയക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| 7 | പായമ്മൽ റോഡ് റീടാറിംഗ്<br>144/17 | ,, | |

മേൽ പറഞ്ഞപ്രകാരം കരാർ വച്ച് ഏറ്റെടുത്ത പ്രവൃത്തികൾ ചെയ്യാതിരുന്ന കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ,ടി പദ്ധതികൾ നടപ്പാക്കിയെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- 
- 

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26-7-2019,27-7-2019 | കെ എസ് എ ടി എസ് ആർ(എസ്1)1120/19(9) |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | മുൻബാക്കി | 68012 | അംഗൻവാടി പോഷകാഹാരം | 68012 | |
| | 2018-19 | 100000 | സാന്ത്വന ചികിൽസ | 65690 | 34310 |
| | | 1000000 | ലൈഫ് മിഷൻ വീടുകളുടെ നിർമാണം | 740000 | 260000 |
| | | 300000 | ലൈഫ് മിഷൻ വീടുകളുടെ നിർമാണം | 0 | 300000 |
| | | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | | 100000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 31400 | 68600 |
| | | 600000 | തുമ്പൂർമൊഴി റോഡ് കോൺക്രീറ്റിംഗ് | 0 | 600000 |
| | | 100000 | അഗതിരഹിത കേരളം | 0 | 100000 |
| ജില്ലാ പഞ്ചായത്ത് | മുൻബാക്കി | 300000 | സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | 300000 | 0 |
| | 2018-19 | 309102 | ലൈഫ് മിഷൻ വീടുകളുടെ നിർമാണം | 0 | 309102 |
| | | 1804000 | ലൈഫ് മിഷൻ | 0 | 1804000 |

| | | | | | |
|---|---|---|---|---|---|
| | | | വീടുകളുടെ നിർമാണം(എസ് ടി) | | |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | അത്തിർമൊഴി ലിഫ്റ്റ് ഇറിഗേഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യൽ | | 650912 | 0 | 650912 |
| | കണ്ണൻകുഴി ക്രിമിറ്റോറിയം 3 ഫേസ് ലൈൻ വലിക്കൽ | | 50448 | 0 | 50448 |
| | പഞ്ചായത്തിന്റെ വിവിധ സ്ഥാപനങ്ങൾക്ക് ഇലക്ട്രിസിറ്റി കണക് ഷൻ ലഭ്യമാക്കൽ | | 9816 | 0 | 9816 |
| | വെറ്റിലപ്പാറ കണ്ണൻകുഴി നഴ്സറിപ്പടി ജലനിധി കുടിവെള്ള പദ്ധതികൾക്ക് ജലശുദ്ധീകരണ പ്ലാന്റ് | | 1500000 | 0 | 1500000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(12) | 2006-07 | 3.5.3.2 | കന്നുകുട്ടി പരിപാലനം പദ്ധതി രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല | പ്രാദേശിക പരിശോധന നടത്തി ഒഴിവാക്കുമെന്ന് ഓഡിറ്റ് വിഭാഗം അറിയിച്ചിട്ടുണ്ട്. |
| 2002-03 | 3(3) | 2006-07 | 3.5.3.4 | നിക്ഷേപ ജോലികൾ പൂർത്തിയാക്കിയില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |
| 2002-03 | 3(5) | 2006-07 | 3.5.6.1 | കാടവളർത്തൽ പദ്ധതി 710000/ രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു. | 24-8-2019ലെ റിക്വിസിഷൻ നം.2019/8808/08 പ്രകാരം RR നടപടി ആരംഭിച്ചു.ടി സ്ഥാപനം ഇതിനെതിരെ കേസ് നൽകിയിട്ടുണ്ട്. |
| 2002-03 | 3(11) | 2006-07 | 3.5.6.2 | മലക്കപ്പാറ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി വാങ്ങിയ പൈപ്പുകളും മോട്ടോറും ഉപയോഗശൂന്യമായിപ്പോയി. | 24-8-2019 ലെ റിക്വിസിഷൻ നം.2019/8806/08 പ്രകാരം RR നടപടികൾ ആരംഭിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77167001 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71188898 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1581176 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 43376 | ജെസ്സി സി വൈ, ഹെഡ് മിസ്ട്രസ്സ് |
| 1-19 | 37800 | ജെസ്സിസി വൈ, ഹെഡ് മിസ്ട്രസ്സ് |
| 1-24 | 1500000 | സെക്രട്ടറി, ശ്രീമതി.അന്നമ്മ സ്റ്റീഫൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 96-97 | എൽ.എഫ്.ടി.7-553/99/ 4.11.99 | | |
| 97-98 | എൽ.എഫ്.ടി.7-554/99/ 4.11.99 | | |
| 98-99 | എൽ.എഫ്.ടി.7-618/2000/ 28.11.02 | | |
| 99-2000, 2001-02 (പ്ലാൻ) | എൽ.എഫ്.ടി.14-1204/03/ 3.2.04 | | |
| | [illegible] | | |

| | | | |
|---|---|---|---|
| 99-2000 | എൽ.എഫ്.ടി.14-875/05/ 11.8.05 | | |
| 2000-01 | എൽ.എഫ്.ടി.14-867/05/ 11.8.05 | | |
| 2001-02 | എൽ.എഫ്.ടി.14-945/05/ 11.8.05 | | |
| 2002-03 | എൽ.എഫ്.ടി.14-618/06/ 19.8.06/9.1.07 | | |
| 2003-04 | എൽ.എഫ്.ടി.14-619/06/ 19.806 | | |
| 2004-05 | എൽ.എഫ്.ടി.14-65/09/ 21.12.09 | | |
| 2005-06 | എൽ.എഫ്.ടി.14-821/09/ 24.7.10 | | |
| 2006-07 | എൽ.എഫ്.ടി.14-822/09/ 24.7.10/10.11.10 | | |
| 2007-08 | എൽ.എഫ്.ടി.15-690/11/ 28.9.11 | | |
| 2008-09 | എൽ.എഫ്.ടി.15-691/11/ 19.2.11/2.1.12 | | |
| 2009-10, 2010-11 | എൽ.എഫ്.ടി.പി.3-1662/12/ 11.1.13/6.4.13 | | |
| 2011-12 | എൽ.എഫ്.ടി.പി.7-1985/13 3.4.14/13.6.14 | | |
| 2012-13 | എൽ.എഫ്.ടി.പി.7-1908/14 10.6.15/27.7.15 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)221/16 തീ.22.02.2016 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)1278/16/ തീ.29.07.2016 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി.7) 75/2017 തീ.25.01.2017 | | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)1055/2017 തീ.28.07.2017 | | |
| 2017-18 | നം കെ.എസ്.എ.ടി.എസ്.ആർ. (പി.7)338/2019 തീയതി: 16.05.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.പി.7-332/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി.12/05/20

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| | സംക്ഷിപ്തം (AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ